(ബി) എങ്കിൽ ആരെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരനെതിരെ ഏത് രീതിയിലുള്ള അന്വേഷണമാണ് നടത്തുന്നത്; വിശദവിവരം നൽകുമോ;

(ഇ) അദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൂപ്രണ്ടായി ജോലിനോക്കിയിരുന്ന ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ശ്രീ. എ. ശ്രീകുമാറിനെയാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്.

(സി) പെൻഷൻ ബോർഡ് സെക്രട്ടറിയോട് അപമര്യാദയായി സംസാരിക്കുകയും തുടർന്ന് ടിയാനെ കൈയേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ.

(ഡി) കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള വകുപ്പുതല അന്വേഷണമാണ് നടത്തുന്നത്.

(ഇ) തിരിച്ചെടുത്തിട്ടുണ്ട്. ശിക്ഷണ നടപടികൾക്കു ഭംഗം വരാത്ത രീതിയിൽ ഇദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുത്ത് പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ, ജനറലിന്റെ നിയന്ത്രണത്തിൽ നിയമിച്ചിട്ടുണ്ട്.

105 (1960) സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിയമിക്കപ്പെട്ടവർ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രപേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്;

(ബി) നിയമനം ലഭിച്ചവർ ഏതൊക്കെ തീയതികളിൽ ആണ് ജോലിയിൽ പ്രവേശിച്ചത്;

(സി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടു എന്ന് വെളിപ്പെടുത്തുമോ; എത്ര പേർ ജോലിയിൽ തുടരുന്നുണ്ട്;

(ഡി) പിരിച്ചുവിടൽ ഉത്തരവിൽ ബോർഡ് പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇപ്പോൾ ജോലിയിൽ തുടരുന്നവർക്ക് ഈ കാരണങ്ങളിൽ ഏതൊക്കെ ബാധകമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ജോലിയിൽ തുടരുന്നവരുടെ നിയമനം അംഗീകരിക്കൽ, പ്രൊബേഷൻ ഡിക്ലയർ ചെയ്യൽ, ശമ്പളകുടിശ്ശികനൽകൽ മുതലായ കാര്യത്തിൽ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പിരിച്ചുവിട്ടവരുടെ അപ്പീൽ ഹൈക്കോടതിയിൽ ഉള്ളപ്പോൾ ഈ സർക്കാരിന്റെ കാലത്ത് ആരെയെങ്കിലും പുതിയതായി നിയമിച്ചിട്ടുണ്ടോ? എങ്കിൽ എത്രപേർ; നിയമന ഉത്തരവിൽ അപ്പീൽ നിലവിലുള്ള കാര്യം പരാമർശിച്ചിട്ടുണ്ടോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(എച്ച്) നിയമനം നടത്തുന്നതിന് ഹൈക്കോടതി അനുവാദം നൽകിയിട്ടുണ്ടോ;

(ഐ) നിയമനം സംബന്ധിച്ച തീരുമാനം ബോർഡ് എടുത്തത് ഏത് തീയതിയിൽ ആണ്; തീരുമാനം എടുത്ത ബോർഡിന്റെ കാലാവധി അവസാനിപ്പിച്ചത് ഏത് തീയതിയിൽ ആണ്?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 10 പേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്.

(ബി) ഒരാൾ 11.3.1996-ലും മറ്റൊരാൾ 6.5.1996-ലും ബാക്കി 8 പേർ 4.5.1996-ലും ജോലിയിൽ പ്രവേശിച്ചു.

(സി) നിയമനം നൽകിയിരുന്നവരിൽ 6 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. 4 പേർ ജോലിയിൽ തുടരുന്നു.

(ഡി) എൽ.ഡി. ക്ലാർക്ക്/അക്കൗണ്ടന്റ്മാരുടെ നിയമനം നടപടികളിൽ മാർക്ക്‌ലിസ്റ്റ് മിനിട്ട്സ് ബുക്ക് തുടങ്ങിയ ബന്ധപ്പെട്ട റിക്കാർഡുകളിൽ കൃത്രിമം കാണിക്കുക, ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സേവന, വേതന വ്യവസ്ഥകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങാതിരിക്കുക എന്നീ കാരണങ്ങളിലാണ് പിരിച്ചുവിട്ടിട്ടുള്ളത്.

(ഇ) ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സേവന-വേതന വ്യവസ്ഥകൾക്ക് സർക്കാരിൽനിന്നും അനുമതി വാങ്ങാതിരിക്കുക എന്നത് ഇപ്പോൾ ജോലിയിൽ തുടരുന്നവർക്കും ബാധകമാണ്.

(എഫ്) ജോലിയിൽ തുടരുന്നവരുടെ നിയമനം അംഗീകരിക്കൽ, പ്രൊബേഷൻ ഡിക്ലയർ ചെയ്യൽ എന്നീ കാര്യങ്ങളിൽ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ശമ്പളകുടിശ്ശിക നൽകുന്നതിന് തീരുമാനം എടുത്തിട്ടില്ല.

(ജി) എൽ.ഡി. ക്ലാർക്ക്/അക്കൗണ്ടന്റ് തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ട്. 6 പേരെയാണ് നിയമിച്ചിട്ടുള്ളത്. നിയമന ഉത്തരവിൽ അപ്പീൽ നിലവിലുള്ള കാര്യം പരാമർശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്†

(എച്ച്) നിയമനം നടത്തരുതെന്ന് ഹൈക്കോടതി നിർദ്ദേശം ഇല്ല.

(ഐ) 28.6.1999-ലെ തീരുമാനപ്രകാരമാണ് പെൻഷൻ ബോർഡിൽ 6 പേരെ നിയമിച്ചത്. 25.6.1999-ലെ ജി.ഒ.(പി) നമ്പർ 99/99/സഹ. ഉത്തരവിൻപ്രകാരം ബോർഡിന്റെ ഭരണസമിതി പുനസംഘടിപ്പിച്ചിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly